# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 717 | 24/01/2018-ൽ മറുപടിയ്ക്ക്

## മരണപ്പെട്ട വായ്പക്കാരന്റെ കുടുംബത്തിന് ഇളവുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോ എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് യഥാസമയം തിരിച്ചടവു വരുത്തുന്നതിനിടെ മരണപ്പെട്ട വായ്പക്കാരന്റെ കുടുംബത്തിന് ഏതൊക്കെ തരത്തിലുള്ള ഇളവുകളാണ് പ്രസ്തുത വായ്പയിൽ അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിതള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പദ്ധതി നിലവിലുണ്ട്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. കൂടാതെ, റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള ഏഴ് മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000/- രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശുപാർശയോടെ സഹകരണ വികസന ക്ഷേമ നിധി ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. വായ്പാക്കാരൻ |

| | | | |
|---|---|---|---|
| | | | മരിച്ചുപോയ കേസുകളിൽ മരണസർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിയ്ക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാ തുകയുടെ 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525/- രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട്/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം/ചികിൽസാ ധനസഹായം ലഭിക്കുക. |
| (ബി) | റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത വായ്പകൾ പൂർണ്ണമായും ഒഴിവാക്കി നൽകാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി വായ്പകൾ പൂർണ്ണമായും ഒഴിവാക്കി നൽകാറില്ല. വായ്പ തുക എത്രയായിരുന്നാലും ഓരോ വായ്പകൾക്കും ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയുമാണ് ഒഴിവാക്കി നൽകുന്നത്. ഒരാൾക്ക് ഒന്നിലധികം വായ്പയുണ്ടെങ്കിൽ ടി വായ്പകൾക്ക് സ്കീമിൽ പരാമർശിക്കുന്ന പ്രകാരം പ്രീമിയം/വിഹിതം അടച്ചിട്ടുണ്ടെങ്കിൽ ഓരോ വായ്പയ്ക്കും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ